# Desabhimani
# 28 August 2018
# Alappuzha: After Flood, Reached Home

## ആലപ്പുഴയിൽ 1.86 ലക്ഷം പേർ വീട്ടിലെത്തി

**കുട്ടനാട്ടിലെ വെള്ളമിറങ്ങിയ വീടുകൾ ശുചീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ചൊവ്വാഴ്ച തുടക്കമാകും. ജില്ലയ്ക്ക് പുറത്തുനിന്നടക്കം ഏകദേശം അറുപതിനായിരം വളന്റിയർമാർ ശുചീകരണത്തിൽ പങ്കെടുക്കും**

**സ്വന്തം ലേഖകൻ**

**ആലപ്പുഴ**

പ്രളയം വിട്ടൊഴിഞ്ഞതോടെ ആലപ്പുഴ ജില്ലയിൽ ദുരിതാശ്വാസക്യാമ്പുകളിൽ കഴിഞ്ഞവർ വീടുകളിലേക്ക് മടങ്ങുന്നു. ക്യാമ്പുകളിലുണ്ടായിരുന്ന 1.86 ലക്ഷം പേർ ഞായർ, തിങ്കൾ ദിവസങ്ങളിലായി വീടുകളിലേക്ക് പോയി. ഞായറാഴ്ച മാത്രം 1,11,968 പേർ ക്യാമ്പ് വിട്ടു. അവശേഷിച്ചത് 457 ക്യാമ്പുകളിലായി 46,631 കുടുംബങ്ങളും 1,96,660 ആളുകളുമായിരുന്നു. തിങ്കളാഴ്ച ക്യാമ്പുകളുടെ എണ്ണം 352 ആയി കുറഞ്ഞു. നിലവിൽ 31,777 കുടുംബങ്ങളും 1,21,813 ആളുകളും കഴിയുന്നു. ചെങ്ങന്നൂർ താലൂക്കിലാണ് കൂടുതൽ പേർ ക്യാമ്പുകളിലുള്ളത്. 113 ക്യാമ്പുകളിലായി 26,402 പേർ. വെള്ളപ്പൊക്ക കെടുതികൾ അവസാനിക്കാത്ത കുട്ടനാട് താലൂക്കിലെ ഭൂരിഭാഗം ജനങ്ങളും ക്യാമ്പിൽ തുടരുന്നുണ്ട്.

കുട്ടനാട്ടുകാരെ ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ ക്യാമ്പുകളിലേക്കാണ് മാറ്റിയിരുന്നത്. കുട്ടനാട്ടുകാരടക്കം ചേർത്തലയിൽ 20,142 പേരും അമ്പലപ്പുഴയിൽ 21,213 പേരും ക്യാമ്പുകളിലുണ്ട്.

പ്രളയക്കെടുതി രൂക്ഷമായ ദിവസങ്ങളിൽ 3,08,628 ആളുകൾ വരെ ക്യാമ്പുകളിൽ അഭയം തേടിയിരുന്നു. 710 ക്യാമ്പുകളിലായി ഏകദേശം 83,000 കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിച്ചത്. ഒന്നര മാസം മുമ്പേ വെള്ളപ്പൊക്കം തുടങ്ങിയ കുട്ടനാട്ടിലെ കൈനകരി, പുളിങ്കുന്ന്, ചമ്പക്കുളം, നെടുമുടി തുടങ്ങിയ പഞ്ചായത്തുകളിൽ ക്യാമ്പുകളും ഭക്ഷണം നൽകുന്ന കേന്ദ്രങ്ങളും നേരത്തെ തുടങ്ങി. എന്നാൽ മഹാപ്രളയം രൂക്ഷമായ 14, 15 തീയതികളിലായി ജനലക്ഷങ്ങൾ ക്യാമ്പുകളിലേക്ക് ഒഴുകി. ചെങ്ങന്നൂർ, കാർത്തികപ്പള്ളി, അമ്പലപ്പുഴ, കുട്ടനാട് താലൂക്കുകളിൽ നിന്നാണ് ഏറെപ്പേരെയും രക്ഷിച്ച് ക്യാമ്പുകളിലേക്ക് മാറ്റിയത്.

കുട്ടനാട്ടിലെ വെള്ളമിറങ്ങിയ വീടുകൾ ശുചീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ചൊവ്വാഴ്ച തുടക്കമാകും. ജില്ലയ്ക്ക് പുറത്തുനിന്നടക്കം ഏകദേശം അറുപതിനായിരം വളണ്ടിയർമാർ ശുചീകരണപ്രവർത്തനങ്ങളിൽ പങ്കെടുക്കുമെന്നാണ് സൂചന. ബുധനും വ്യാഴവും ശുചീകരണം തുടരും. വൃത്തിയാക്കുന്ന വീടുകളിൽ വൈദ്യുതി, പബ്ലിങ് തകരാറുകൾ പരിഹരിക്കാൻ ഇലക്ട്രീഷ്യൻ പ്ലംബർ എന്നിവരടങ്ങിയ സംഘവും എത്തുന്നുണ്ട്.

കേരളം ഇന്നുവരെ കാണാത്ത ശുചീകരണദൗത്യമാകുമിത്. ശുചീകരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും ഏകോപിപ്പിക്കാനുമായി മന്ത്രിമാരായ ടി എം തോമസ് ഐസക്കും ജി സുധാകരനും ജില്ലയിൽ ക്യാമ്പ് ചെയ്ത് പ്രവർത്തിക്കുകയാണ്.

വളണ്ടിയർമാരെ ബോട്ടുകളിലും വള്ളങ്ങളിലും ലോറികളിലും ടോറസുകളിലുമായി നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കും.




ചങ്ങനാശേരിയിലെ ക്യാമ്പിൽനിന്ന് നിന്നും കുട്ടനാട്ടിലേക്ക് പോകുന്നതിനായി ബസ് കാത്തുനിൽക്കുന്ന കുട്ടനാട്ടുകാർ